## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2035 — 22.03.2012 ലെ മറുപടിയ്ക്ക്

### കെ.എസ്.എഫ്.ഇ. യിലെ ജീവനക്കാരുടെ പ്രൊമോഷൻ

**ചോദ്യം**
ശ്രീ. സി.കെ. സദാശിവൻ

**ഉത്തരം**
ശ്രീ. കെ.എം. മാണി
(ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.എഫ്.ഇ യിലെ ഓഫീസ് അറ്റന്റർമാരുടെ പ്രൊമോഷൻ അനുപാതം അഞ്ച് ശതമാനത്തിൽ നിന്നും പത്ത് ശതമാനമായി ഉയർത്തുന്നത് സംബന്ധിച്ചുള്ള 6484 / എച്ച്2 / റ്റി.ഡി. /2011 ഫയലിന്മേൽ സ്വീകരിച്ച നടപടിയെന്താണെന്ന് വ്യക്തമാക്കുമോ ; | (എ), (ബി) & (സി) | ഇതര പൊതുമേഖലാ സ്ഥാപനങ്ങളിലെ അറ്റന്റർമാരുടെ പ്രൊമോഷൻ അനുപാതത്തെ സംബന്ധിച്ച വിശദാംശങ്ങൾ ആരാഞ്ഞിട്ടുണ്ട്. ഇതിന്റേയും കൂടി അടിസ്ഥാനത്തിൽ ഈ വിഷയത്തിൽ ഉചിതമായ തീരുമാനം എടുക്കുന്നതാണ്. |
| (ബി) | സർക്കാർ സർവ്വീസിൽ താഴ്ന്ന വിഭാഗം ജീവനക്കാർക്ക് (പ്യൂൺ) പത്ത് ശതമാനം പ്രൊമോഷൻ നൽകിയ തീയതി മുതൽ കെ.എസ്.എഫ്.ഇ ലെ താഴ്ന്ന വിഭാഗം ജീവനക്കാർക്കും മുൻകാല പ്രാബല്യത്തോടു കൂടി പത്ത് ശതമാനം പ്രൊമോഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; | | |

| | | | |
|---|---|---|---|
| (സി) | ചില പൊതുമേഖലാ സ്ഥാപനങ്ങളും, ബോർഡുകളും, കോർപ്പറേഷനുകളും പത്തു മുതൽ ഇരുപത്തിയഞ്ച് ശതമാനം വരെ താഴ്ന്ന വിഭാഗം ജീവനക്കാർക്ക് അതാത് സ്ഥലങ്ങളിൽ ജൂനിയർ അസിസ്റ്റന്റുമാരായി പ്രൊമോഷൻ നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കെ.എസ്.എഫ്.ഇ യിലും അതേ അനുപാതത്തിൽ പ്രൊമോഷൻ ഉയർത്തുവാൻ നടപടി സ്വീകരിക്കുമോ ; | | |
| (ഡി) | 2008 ജനുവരി മുതൽ കെ.എസ്.എഫ്.ഇ എത്ര ജൂനിയർ അസിസ്റ്റന്റുമാരുടെ ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; താഴ്ന്ന വിഭാഗം ജീവനക്കാരുടെ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; | (ഡി) | 2008 ജനുവരി മുതൽ ജൂനിയർ അസിസ്റ്റന്റുമാരുടെ 1075 പുതിയ ഒഴിവുകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് . താഴ്ന്ന വിഭാഗം ജീവനക്കാരുടെ ഒഴിവുകളും ഈ റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുണ്ട്. |
| (ഇ) | 30-11-2011 വരെ റിപ്പോർട്ട് ചെയ്ത ജൂനിയർ അസിസ്റ്റന്റുമാരുടെ എണ്ണത്തിനാനുപാതികമായി താഴ്ന്ന വിഭാഗം ജീവനക്കാരുടെ പ്രൊമോഷൻ ഒഴിവുകൾ എത്രയാണ് ; | (ഇ) | പുതിയ ഒഴിവുകളുടെ 5 % ആയ 53 ഒഴിവുകളും മുമ്പ് നികത്താനുണ്ടായിരുന്ന 4 ഒഴിവുകളും കൂടി ആകെ 57 ഒഴിവുകളാണ് താഴ്ന്ന വിഭാഗം ജീവനക്കാർക്ക് മാറ്റി വച്ചിട്ടുള്ളത്. |
| (എഫ്) | വിവിധ തസ്തികകളിലായി കെ.എസ്.എഫ്.ഇ ൽ എത്ര ഒഴിവുകൾ നിലവിലുണ്ട് ; | (എഫ്) | ജൂനിയർ അസിസ്റ്റന്റ് - 305<br>ഡ്രൈവർ - 4<br>ഓഫീസ് അസിസ്റ്റന്റ് - 366<br>ജൂനിയർ അസിസ്റ്റന്റുമാരുടെ ഒഴിവിലേയ്ക്കായി 197 ഉദ്യോഗാർത്ഥികളുടെ നാമനിർദ്ദേശ പത്രിക ലഭിച്ചിട്ടുണ്ട്. ഇവരുടെ നിയമന നടപടികൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ജി) | എല്ലാ ഒഴിവുകളും പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ? | (ജി) | എല്ലാ ഒഴിവുകളും പി.എസ്.സി. യെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ